ഉത്തരം

(എ) സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിലൂടെ സ്വാശ്രയത്വം നേടിക്കൊടുക്കുകയാണ് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ മുഖ്യലക്ഷ്യം. ഇതിനായി കോർപ്പറേഷൻ നേരിട്ടു സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളും കേന്ദ്രസംസ്ഥാന സർക്കാരുകൾ, ഹഡ്കോ, ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ, വിവിധ ബാങ്കുകൾ എന്നിവരുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളും ഉണ്ട്.

(ബി) ആർക്കും വായ്പ നൽകിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്.

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സ്വന്തമായി വീട് നൽകുന്നതിന് ഇൻകം ജനറേഷൻ ലിംഗ്ഡ് ഹൗസിംഗ് സ്കീം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു വീടിന് 31,000 രൂപയാണ് എസ്റ്റിമേറ്റ് സംഖ്യ. ഇതിൽ 14,000 രൂപ ഹഡ്കോ വായ്പയും 15,000 രൂപ സബ്സിഡിയും 2000 രൂപ ഗുണ ഭോക്താവിന്റെ വിഹിതവും ആണ്. 2000 ജനുവരി വരെ 2447 പേർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇതുവരെ 620.22 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

എഴികാട് പട്ടികജാതി കോളനിയുടെ വികസനം

14 (2564) ശ്രീ കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ എഴികാട് പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കോളനിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർ ഉണ്ടെന്ന് അറിയിക്കുമോ ;

(സി) കോളനിയിലെ മുഴുവൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കോളനിയിലെ അന്തേവാസികൾക്ക് കുടി വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) ഇവരുടെ വികസനത്തിനുവേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഴികാട് പട്ടികജാതി കോളനിയിൽ കുടിവെള്ളം, ഗതാഗത സൗകര്യം, ഇലക്ട്രിസിറ്റി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. വഴി വിളക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ട്. കോളനിയിൽ ഒരു നഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 250 കുടുംബങ്ങൾ

(സി) വയറിംഗ് പൂർത്തിയാക്കിയ എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. ആർക്കെങ്കിലും കണക്ഷൻ ലഭിക്കാനുണ്ടെങ്കിൽ നൽകുന്നതാണ്.

(ഡി) നിലവിൽ കോളനിയിൽ കുടിവെള്ളം ലഭ്യമാണ്.

(ഇ) കോളനിയുടെ വികസനത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം 11 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം 2.70 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. അതിനുമുമ്പ് ചെലവാക്കിയ തുകയുടെ കണക്ക് ലഭ്യമല്ല.

തോന്നയ്ക്കൽ ഹരിജൻ കോളനി പ്രോഗ്രാമിന് സൊസൈറ്റിക്ക് സ്ഥലം നൽകുന്നതിന് നടപടി

15 (2565) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴക്കൂട്ടം തോന്നയ്ക്കൽ ഹരിജൻ കോളനി പ്രോഗ്രസിന് സൊസൈറ്റിക്ക് ഒരേക്കർ സ്ഥലം അനുവദിക്കണമെന്ന് ആവശ്യത്തിൻമേൽ ഫയൽ നമ്പർ 45/വി.ഐ.പി./2000/എം (ബി ആന്റ് സി) എന്ത് നടപടികളാണ് ഇന്നേവരെ സ്വീകരിച്ചിട്ടുള്ളതെന്നും ഇക്കാര്യം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചു വരുന്നു.

പ്രൈവറ്റായി പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസ് നിരക്ക്

16 (2566) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകൾക്ക് പ്രൈവറ്റായി പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസ് നിരക്ക് പ്രതിവർഷം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly